





ബി.എസ്.എഫ് ലാർവ അധിഷ്ഠിത ജൈവപരിവർത്തന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഞങ്ങൾ പരിശീലനങ്ങൾ, കൺസൾട്ടൻസി സേവനങ്ങൾ എന്നിവ നൽകുന്നതാണ്




Scan QR code

കൂടുതൽ വിവരങ്ങൾക്ക്:


ഡയറക്ടർ,
**ഐ സി എ ആർ-കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (ICAR-CMFRI),**
പോസ്റ്റ് ബോക്സ് നം. 1603,
എറണാകുളം നോർത്ത് പി. ഒ., കൊച്ചി – 682018.
വെബ്സൈറ്റ്: www.cmfri.org.in
ഫോൺ: +91 484 2394357 /12, 2391407
ഇമെയിൽ: director.cmfri@icar.org.in



പ്രസാധകൻ :
ഡോ. ഗ്രിൻസൺ ജോർജ്ജ്, ഡയറക്ടർ, ICAR-CMFRI

തയ്യാറാക്കിയവർ : സനൽ എബനേസർ, അനുജ എ. ആർ., വിപിൻകുമാർ വി. പി., എം. പി. പോൾട്ടൻ, വിജയഗോപാൽ പി., കാജൽ ചക്രബർത്തി

രൂപകൽപ്പന : അഭിലാഷ് പി. ആർ. & ശാരി കെ. ടി.

CMFRI പാംഫ്ലറ്റ് സീരീസ് നം. 179/2026


CMFRI പാംഫ്ലറ്റ് സീരീസ് നം. 179/2026

CADALMIN™

# BSF ZW

## A Zero-Waste bio-conversion system

# ബി. എസ്. എഫ്. ലാർവ ഉപയോഗിച്ചുള്ള മാലിന്യരഹിത ജൈവപരിവർത്തന സംവിധാനം

80 Years of ICAR-CMFRI







स्वच्छता ही सेवा 2025
17 सितंबर-2 अक्टूबर 2025

भाकृअनुप ICAR सी एम एफ आर आइ CMFRI


**ഐ സി എ ആർ-കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (ICAR-CMFRI),**
പോസ്റ്റ് ബോക്സ് നം. 1603, എറണാകുളം നോർത്ത് പി. ഒ., കൊച്ചി – 682018.




CADALMIN™

# BSF ZW

A Zero-Waste bio-conversion system

## ബി. എസ്. എഫ്. ലാർവ ഉപയോഗിച്ചുള്ള മാലിന്യരഹിത ജൈവപരിവർത്തന സംവിധാനം

ഇന്ത്യയുൾപ്പെടെയുള്ള വികസനോന്മുഖ രാജ്യങ്ങൾ നേരിടുന്ന ഗൗരവതരമായതും പലപ്പോഴും അവഗണിക്കപ്പെടുന്നതുമായ വെല്ലുവിളികളിലൊന്നാണ് ജൈവമാലിന്യ നിർമ്മാർജ്ജനം. പാരിസ്ഥിതികാഘാതം കുറയ്ക്കാനും പൊതുജനാരോഗ്യം മെച്ചപ്പെടുത്താനുമായി, നവീനവും പരിസ്ഥിതി സൗഹൃദപരവും സാമ്പത്തികമായി ലാഭകരവുമായ മാലിന്യസംസ്കരണ മാർഗങ്ങൾ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

മാലിന്യ സംസ്കരണത്തിനായുള്ള ജൈവപരിവർത്തന പ്രക്രിയയിൽ ദോഷകരമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നില്ല എന്നതും മൂല്യവത്തായ ഉപോൽപ്പന്നങ്ങൾ ലഭിക്കുന്നു എന്നതും ശ്രദ്ധേയമാണ്. ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (ICAR-CMFRI), കൊച്ചിയിൽ, പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള ഒരു സംവിധാനത്തിലൂടെ, ബ്ലാക്ക് സോൾജ്യർ ഫ്ളൈ (*Hermetia illucens*) അഥവാ പട്ടാളപ്പുഴുവിന്റെ ലാർവകളെ ഉപയോഗിച്ച് ജൈവമാലിന്യത്തെ ഉന്നത നിലവാരമുള്ള മത്സ്യത്തീറ്റ ചേരുവകളാക്കി മാറ്റുന്നു. സ്ഥാപനത്തിലെ ഭക്ഷണശാലയിൽ നിന്നും മത്സ്യ സംസ്കരണ വിഭാഗങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യങ്ങളെ ഇത്തരത്തിൽ മാംസ്യം, കൊഴുപ്പ് എന്നിവയാൽ സമ്പുഷ്ടമായ മത്സ്യത്തീറ്റ ഘടകങ്ങളായും ഗുണമേന്മയുള്ള ജൈവവളമായും പരിവർത്തനം ചെയ്യുന്നു.

ഉയർന്ന മൂല്യമുള്ളതും സുസ്ഥിരവും മാംസ്യം, കൊഴുപ്പ് എന്നിവയാൽ സമ്പന്നവുമായ മത്സ്യത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫലപ്രദവും നൂതനവും പരിസ്ഥിതി സൗഹൃദപരവുമായ ഒരു ജൈവപരിവർത്തന മാതൃകയാണിത്. ഈ മാതൃകയിൽ പ്രജനനത്തിനും മുട്ടയിടുന്നതിനും പ്യൂപ്പകളുടെ വികാസത്തിനുമായി പ്രത്യേകം സജ്ജമാക്കിയ ഇരുണ്ട അറകൾ (പ്രജനന കേന്ദ്രം), വിവിധ ഘട്ടങ്ങളിലുള്ള ലാർവ പരിപാലന കേന്ദ്രങ്ങൾ, സ്വയം വിളവെടുപ്പ് സംവിധാനം, അവശിഷ്ടം (ഫ്രാസ്) കമ്പോസ്റ്റ് ആക്കുന്ന സംവിധാനം എന്നിവ ഉൾപ്പെടുന്നു. ലാർവയുടെ വിസർജ്യം കലർന്ന ഈ അവശിഷ്ടം (ഫ്രാസ്) ഉയർന്ന ഗുണമേന്മയുള്ള മണ്ണ് സംസ്കരണ ഘടകമായും ജൈവവളമായും ഉപയോഗിക്കാം.

### ജൈവമാലിന്യങ്ങളുടെ മൂല്യവർദ്ധിത സംസ്കരണം




### പോഷക ഘടന




### ബി. എസ്. എഫ്. ലാർവ ജൈവ പരിപോഷണ പരിവർത്തന യൂണിറ്റ്



### 100 ടൺ ജൈവമാലിന്യം സംസ്കരിക്കുമ്പോൾ ലഭിക്കുന്നത്: ഏകദേശ കണക്ക്

